എ.വൈ.ആർ

സൂറ-11

# ഹൂദ്

أَلَّا تَعْبُدُوٓا۟ إِلَّا ٱللَّهَ ۚ إِنَّنِى لَكُم مِّنْهُ نَذِيرٌ وَبَشِيرٌ ﴿٢﴾

2 എന്തെന്നാൽ, അല്ലാഹുവിനു മാത്രമേ നിങ്ങൾ അടിമപ്പെടാവൂ. അവങ്കൽനിന്ന് നിങ്ങളിലേക്കയക്കപ്പെട്ട മുന്നറിയിപ്പുകാരനും സുവിശേഷകനുമാകുന്നു ഞാൻ.

وَأَنِ ٱسْتَغْفِرُوا۟ رَبَّكُمْ ثُمَّ تُوبُوٓا۟ إِلَيْهِ يُمَتِّعْكُم مَّتَـٰعًا حَسَنًا إِلَىٰٓ أَجَلٍ
مُّسَمًّى وَيُؤْتِ كُلَّ ذِى فَضْلٍ فَضْلَهُۥ ۖ وَإِن تَوَلَّوْا۟ فَإِنِّىٓ أَخَافُ عَلَيْكُمْ عَذَابَ
يَوْمٍ كَبِيرٍ ﴿٣﴾

3 നിങ്ങളുടെ വിധാതാവിനോട് പാപമോചനം തേടുവിൻ. അവങ്കലേക്കു പശ്ചാത്തപിച്ചു മടങ്ങിച്ചെല്ലുവിൻ. അവൻ നിങ്ങൾക്ക് നിശ്ചിത കാലത്തേക്ക് വിശിഷ്ടമായ ജീവിത വിഭവങ്ങളരുളിക്കൊണ്ടിരിക്കും; ശ്രേഷ്ഠതയുള്ളവർക്ക് അവരുടെ ശ്രേഷ്ഠതക്കൊത്ത കർമഫലം നൽകുന്നതുമാകുന്നു. എന്നാൽ പിന്തിരിഞ്ഞു പോവുകയാണെങ്കിൽ നിങ്ങളുടെ മേൽ ഒരു ഭയങ്കര നാളിന്റെ ശിക്ഷയെ ഞാൻ ഭയപ്പെടുന്നു.

إِلَى ٱللَّهِ مَرْجِعُكُمْ ۖ وَهُوَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٤﴾

4 അല്ലാഹുവിങ്കലേക്കു തന്നെയാകുന്നു നിങ്ങളുടെ മടക്കം. അവൻ സകലസംഗതിക്കും കഴിവുള്ളവനല്ലോ.

أَلَآ إِنَّهُمْ يَثْنُونَ صُدُورَهُمْ لِيَسْتَخْفُوا۟ مِنْهُ ۚ أَلَا حِينَ يَسْتَغْشُونَ
ثِيَابَهُمْ يَعْلَمُ مَا يُسِرُّونَ وَمَا يُعْلِنُونَ ۚ إِنَّهُۥ عَلِيمٌۢ بِذَاتِ ٱلصُّدُورِ ﴿٥﴾

5 നോക്കൂ, ഇക്കൂട്ടർ അവനിൽനിന്നൊളിക്കാൻ മുഖം തിരിക്കുകയാണ്. അറിയുവിൻ, വസ്ത്രംകൊണ്ട് സ്വയം മൂടുമ്പോഴും അവർ ഒളിച്ചു വെക്കുന്നതും വെളിപ്പെടുത്തുന്നതുമെല്ലാം അല്ലാഹു അറിയുന്നുണ്ട്. തീർച്ചയായും മനോഗതങ്ങൾ പോലും അവൻ സൂക്ഷ്മമായി അറിയുന്നു.

۞ وَمَا مِن دَآبَّةٍ فِى ٱلْأَرْضِ إِلَّا عَلَى ٱللَّهِ
رِزْقُهَا وَيَعْلَمُ مُسْتَقَرَّهَا وَمُسْتَوْدَعَهَا ۚ كُلٌّ فِى كِتَٰبٍ مُّبِينٍ ﴿٦﴾

6 ഭൂമിയിൽ ചരിക്കുന്ന ഒരു ജന്തുവുമില്ല; അതിന്റെ ആഹാരം അല്ലാഹുവിന്റെ ഉത്തരവാദിത്വമായിട്ടല്ലാതെ. അത് എവിടെ വസിക്കുന്നുവെന്നും ഒടുവിൽ എവിടെ ചെന്നെത്തുന്നുവെന്നും അവന്നറിയാം. എല്ലാം ഒരു തെളിഞ്ഞ പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

أَلَّا تَعْبُدُوٓا۟= എന്തെന്നാൽ നിങ്ങൾ ആരാധിക്കരുത് (അടിമപ്പെടാവൂ)
إِلَّا ٱللَّهَ= അല്ലാഹുവിന്നല്ലാതെ(അല്ലാഹുവിനു മാത്രമേ) إِنَّنِى= നിശ്ചയമായും ഞാൻ
لَكُم= നിങ്ങൾക്ക്(നിങ്ങളിലേക്ക് നിയുക്തനായ) مِّنْهُ= അവനിൽനിന്ന്
نَذِيرٌ= മുന്നറിയിപ്പുകാരനാകുന്നു وَبَشِيرٌ= സുവിശേഷകനുമാകുന്നു
وَأَنِ= (എന്റെ മുന്നറിയിപ്പും സുവിശേഷവും) എന്തെന്നാൽ
ٱسْتَغْفِرُوا۟= നിങ്ങൾ പാപമോചനം തേടുവിൻ رَبَّكُمْ= നിങ്ങളുടെ വിധാതാവിനോട്
ثُمَّ= പിന്നെ تُوبُوٓا۟= പശ്ചാത്തപിച്ചു മടങ്ങുവിൻ إِلَيْهِ= അവങ്കലേക്ക്
يُمَتِّعْكُم= അവൻ നിങ്ങൾക്ക് വിഭവങ്ങളരുളും مَّتَٰعًا حَسَنًا= വിശിഷ്ടമായ വിഭവം
إِلَىٰٓ أَجَلٍ مُّسَمًّى= നിശ്ചിത അവധിവരെ, കാലത്തേക്ക്
وَيُؤْتِ= അവൻ നൽകുന്നതുമാകുന്നു
كُلَّ ذِى فَضْلٍ= ശ്രേഷ്ഠതയുള്ള(വർക്ക്) ഓരോരുത്തന്നും
فَضْلَهُۥ= അവന്റെ ശ്രേഷ്ഠത(ക്കൊത്ത കർമഫലം)
وَإِن تَوَلَّوْا۟= നിങ്ങൾ പിന്തിരിഞ്ഞു പോവുകയാണെങ്കിൽ
فَإِنِّىٓ أَخَافُ عَلَيْكُمْ= ഞാൻ നിങ്ങളുടെ മേൽ ഭയപ്പെടുന്നു

عَذَابَ يَوْمٍ كَبِيرٍ = ഒരു മഹാ(ഭയങ്കര) നാളിന്റെ ശിക്ഷ

إِلَى ٱللَّهِ = അല്ലാഹുവിങ്കലേക്കു തന്നെയാകുന്നു مَرْجِعُكُمْ = നിങ്ങളുടെ മടക്കം

وَهُوَ = അവൻ عَلَىٰ كُلِّ شَيْءٍ = എല്ലാ സംഗതിക്കും قَدِيرٌ = കഴിവുള്ളവനല്ലോ

أَلَآ = അറിയുക, നോക്കുക إِنَّهُمْ = നിശ്ചയമായും അവർ

يَثْنُونَ = അവർ ചുരുട്ടുന്നു, വളക്കുന്നു, തിരിക്കുകയാണ്

صُدُورَهُمْ = അവരുടെ മാറുകൾ (മുഖം) لِيَسْتَخْفُواْ = അവർ ഒളിക്കാൻ

مِنْهُ = അവനിൽനിന്ന് أَلَا = അറിയുവിൻ حِينَ يَسْتَغْشُونَ = അവർ സ്വയം മൂടുമ്പോൾ

ثِيَابَهُمْ = അവരുടെ വസ്ത്രങ്ങൾ(കൊണ്ട്) يَعْلَمُ = അവൻ അറിയുന്നു

مَا يُسِرُّونَ = അവർ ഒളിച്ചുവെക്കുന്നത് وَمَا يُعْلِنُونَ = അവർ വെളിപ്പെടുത്തുന്നതും

إِنَّهُۥ = നിശ്ചയമായും അവൻ عَلِيمٌۢ = സൂക്ഷ്മമായി അറിയു(ന്നു)ന്നവനാകുന്നു

بِذَاتِ ٱلصُّدُورِ = മാറിടങ്ങളിലുള്ളത് (മനോഗതങ്ങൾ പോലും)

وَمَا مِن دَآبَّةٍ = ചരിക്കുന്ന ഒരു ജീവിയുമില്ല فِى ٱلْأَرْضِ = ഭൂമിയിൽ

إِلَّا عَلَى ٱللَّهِ = അല്ലാഹുവിന്റെ മേൽ (ഉത്തരവാദിത്വം) ആയിട്ടല്ലാതെ

رِزْقُهَا = അതിന്റെ ആഹാരം وَيَعْلَمُ = അവൻ അറിയുന്നു

مُسْتَقَرَّهَا = അതിന്റെ വസനം (എവിടെ വസിക്കുന്നുവെന്നും)

وَمُسْتَوْدَعَهَا = അതിന്റെ നിക്ഷേപസ്ഥാനവും (എവിടെ ചെന്നെത്തുന്നുവെന്നും)

كُلٌّ = എല്ലാം فِى كِتَـٰبٍ = ഒരു പട്ടികയിൽ (രേഖപ്പെടുത്തിയിരിക്കുന്നു) مُّبِينٍ = തെളിഞ്ഞ

**2–4:** അല്ലാഹുവിങ്കൽനിന്നുള്ള വേദശാസനയനുസരിച്ച് പ്രവാചകൻ പ്രബോധനം ചെയ്യുന്ന മൗലിക സന്ദേശവും അതുമായി ബന്ധപ്പെട്ട സുവിശേഷവും താക്കീതുമാണിത്. മനുഷ്യൻ അവന്റെ സ്രഷ്ടാവായ അല്ലാഹുവിനല്ലാതെ ആർക്കും അടിമപ്പെടരുത് أَلَّا تَعْبُدُوٓاْ എന്നാണ് മൂലവാക്യം. ഇബാദത്തിന്റെ എല്ലാ അർഥങ്ങളും ഉദ്ദേശിച്ചാണ് അടിമപ്പെടരുത് എന്ന് തർജമ ചെയ്തിരിക്കുന്നത്. ദീനിന്റെയും ശരീഅത്തിന്റെയും അടിസ്ഥാന തത്ത്വമാണിത്. ഈ തത്ത്വം അനുസരിക്കുന്നവർക്കുള്ളതാണ് സുവിശേഷം.

സ്രഷ്ടാവും വിധാതാവുമായ അല്ലാഹുവിനോട് തെറ്റുകുറ്റങ്ങളിൽനിന്ന് മോചനവും ജീവിത സംസ്കരണവും നേടുകയും അവങ്കലേക്ക് മടങ്ങുകയും ചെയ്യുകയാണ് അല്ലാഹുവിന്നുമാത്രം അടിമപ്പെടുന്നതിന്റെ പ്രായോഗിക രൂപം. അങ്ങനെ ചെയ്യുന്നവർക്ക് ഒരു നിശ്ചിതകാലയളവുവരെ ഈ ലോകത്ത് അനുഗ്രഹങ്ങളരുളിക്കൊണ്ടിരിക്കും. എന്നാൽ ഈ വിഭവദാനം ശാശ്വതമല്ല. ഒരവധിവരെ –إِلَىٰٓ أَجَلٍ مُّسَمًّى– മാത്രമാണ്. ഓരോ മനുഷ്യന്നും നിശ്ചയിച്ചിട്ടുള്ള ആയുസ്സാണീ അവധി. ഇതുപോലെ മർത്യവർഗത്തിനും ഒരവധിയുണ്ട്. അതുകഴിയുമ്പോൾ ഈ ലോകം അവസാനിക്കുന്നു.

മാപ്പപേക്ഷ, ക്ഷമാപണം, പാപമോചന പ്രാർഥന, ജീവിത സംസ്കരണ

പ്രാർഥന മുതലായ അർഥങ്ങളിലുള്ള إستغفارന്റെ ബഹുവചന ശാസനക്രിയാരൂപമാണ് ٱسْتَغْفِرُوا۟. വന്നുപോയ കുറ്റങ്ങൾ മാപ്പാക്കാനും ശിക്ഷാനടപടികളിൽനിന്നു മോചിപ്പിക്കാനും ജീവിതം പാപങ്ങളിൽനിന്ന് ശുദ്ധീകരിക്കാനും ജീവിതത്തിന്റെ വിധാതാവായ അല്ലാഹുവിനോടു തേടുക എന്നാണ് ٱسْتَغْفِرُوا۟ رَبَّكُمْ എന്ന വാക്യത്തിന്റെ താൽപര്യം. ഒരു ലക്ഷ്യത്തിൽനിന്ന് അകന്നു പോയത്, അതേ ലക്ഷ്യത്തിലേക്കു തന്നെ തിരിച്ചു വരികയാണ് توبة (മടക്കം). മനുഷ്യൻ പ്രകൃത്യാ ദൈവവിശ്വാസിയും ദൈവ വിധേയനുമാണ്. പിന്നീടുണ്ടാകുന്ന അന്ധവിശ്വാസങ്ങളും അധർമങ്ങളും അവനെ ദൈവത്തിൽനിന്ന് അകറ്റുന്നു. പാപവൃത്തികൾ അവസാനിപ്പിക്കുമ്പോൾ ദൈവത്തിൽനിന്നുള്ള അകന്നു പോക്കിനു വിരാമമായി. ധർമകർമങ്ങളിൽ ഏർപ്പെടുമ്പോൾ അത് അല്ലാഹുവിലേക്കുള്ള തിരിച്ചുവരവാകുന്നു. ഈയർഥത്തിലാണ് പാപത്തിൽനിന്നുള്ള പശ്ചാത്താപത്തെ 'തൗബ' എന്നു വിളിക്കുന്നത്. പാപങ്ങളിൽനിന്നു വിരമിക്കുകയും ചെയ്തുപോയ പാപങ്ങൾ പൊറുത്തു തരേണമെന്ന് അല്ലാഹുവിനോട് അപേക്ഷിക്കുകയും –إستغفار– ചെയ്തശേഷം തുടർന്ന് സൽകർമങ്ങളിൽ ഏർപ്പെടുകയാണ് യഥാർഥ 'തൗബ' എന്ന് ഈ വചനത്തിൽനിന്നു വ്യക്തമാകുന്നു. ഇതൊന്നുമില്ലാതെ ഇടക്കിടെ 'അല്ലാഹുവേ ഞാൻ തൗബ ചെയ്യുന്നു' –أتوب إليك– എന്നുരുവിടുക മാത്രം ചെയ്യുന്നത് തൗബയെ പരിഹസിക്കലാകുന്നു.

مَّتَـٰعًا حَسَنًا (വിശിഷ്ട വിഭവങ്ങൾ)ക്ക് രണ്ട് താൽപര്യങ്ങളുണ്ട്. ഒന്ന്, ജീവിതം സുഗമമാക്കാനാവശ്യമായ മെച്ചപ്പെട്ടതും സുന്ദരവുമായ ഭൗതിക വിഭവങ്ങൾ പ്രദാനം ചെയ്തുകൊണ്ടിരിക്കും. രണ്ട്, അവർക്ക് ലഭിക്കുന്ന വിഭവങ്ങൾ മറ്റുള്ളവരെ ആക്രമിച്ച് തട്ടിമറിച്ചെടുക്കുന്നതോ ചൂഷണം ചെയ്തു സമ്പാദിക്കുന്നതോ ആയിരിക്കുകയില്ല; മറിച്ച്, വിധിവിഹിതവും നീതിനിഷ്ഠവും ഹിതകരവുമായിരിക്കും. ദൈവഭക്തി, ഉത്തമ സംസ്കാരം, നീതിനിഷ്ഠമായ ജീവിതസംവിധാനം തുടങ്ങിയവയും ഉത്തമവിഭവങ്ങളിൽ ഉൾപ്പെടുന്നുവെന്ന് പണ്ഡിതന്മാർ വ്യാഖ്യാനിച്ചിട്ടുണ്ട്.

ഖുർആൻ അതിന്റെ വാഹകർക്ക് വാഗ്ദാനം ചെയ്യുന്നത് പരലോക സുഖം മാത്രമല്ല; ഭൗതിക ജീവിതത്തിന്റെ സമൃദ്ധിയും സമാധാനവും കൂടിയാണ്. അല്ലാഹുവിൽ വിശ്വസിക്കുകയും അവന്റെ വിധിവിലക്കുകൾ മാനിക്കുകയും ചെയ്യുന്ന സമൂഹത്തിൽ ഓരോ വ്യക്തിയും അവന്റെ ബാധ്യതകൾ നിർവഹിച്ചുകൊണ്ടിരിക്കും; ഓരോ വ്യക്തിക്കും അവന്റെ അവകാശങ്ങൾ ലഭിച്ചുകൊണ്ടുമിരിക്കും. അത് സമൂഹത്തിൽ പരസ്പര സ്നേഹവും സമാധാനവും ക്ഷേമവും വിളയിക്കുന്നു. അല്ലാഹുവാകട്ടെ അത്തരം സമൂഹങ്ങളെ എല്ലാ രംഗങ്ങളിലും സവിശേഷം അനുഗ്രഹിച്ചുകൊണ്ടിരിക്കുകയും ചെയ്യും. ഇസ്ലാമും ശരീഅത്തുമൊക്കെ പിന്തുടരാൻ പോയാൽ ഭൗതികമായ പുരോഗതിയും ക്ഷേമവുമൊന്നും ഉണ്ടാവില്ല; അവശരും അധഃസ്ഥിതരുമായി കഴിയേണ്ടിവരും എന്നു വാദിക്കുന്നവർക്കുള്ള മറുപടി കൂടിയാണിത്. ഇങ്ങനെ വിചാരിക്കുന്നവർ ഇക്കാലത്തെന്നപോലെ പ്രവാചകന്റെ കാലത്തും ഉണ്ടായിരുന്നു. ഖുർആൻ 28:57ൽ അവരെ ഉദ്ധരിക്കുന്നു: وَقَالُوٓا۟ إِن نَّتَّبِعِ ٱلْهُدَىٰ مَعَكَ نُتَخَطَّفْ مِنْ أَرْضِنَآ (അവർ വാദിക്കുന്നു: നിന്റെ കൂടെ ഞങ്ങൾ ഈ മാർഗം പിന്തുടർന്നാൽ ഈ നാട്ടിൽനിന്ന് ഞങ്ങൾ റാഞ്ചിയെടുക്കപ്പെടും). ഇസ്ലാം സ്വീകരിച്ചാൽ തങ്ങൾക്ക് ഇന്നുള്ള ശക്തിയും പ്രൗഢിയും ചോർന്നു പോകുമെന്നും മക്കയുടെ പ്രൗഢി നഷ്ടപ്പെടുമെന്നും അങ്ങനെ തങ്ങൾ അന്യവർഗങ്ങളാൽ വേട്ടയാടപ്പെടുമെന്നുമായിരുന്നു ഖുറൈശികളുടെ നിലപാട്. ഇക്കാലത്തെ ഭൗതികന്മാർ പറയാറുള്ളതിങ്ങനെയാണ്: മരണാനന്തര ജീവിതവും പരലോകവും വിദൂര സങ്കൽപങ്ങളാണ്. ആ സങ്കൽപ ലോകത്തെ സ്വർഗത്തിനുവേണ്ടി

ഇപ്പോൾ കൈയിലുള്ള ഭൗതിക ജീവിതത്തിന്റെ സുഖാനന്ദങ്ങളും പുരോഗതികളും നഷ്ടപ്പെടുത്തുന്നത് മഹാ വിഡ്ഢിത്തമാണ്. അവരോട് ഖുർആൻ പറയുകയാണ്: നിങ്ങളുടെ വിചാരം ശരിയല്ല. ദൈവിക ദീൻ അംഗീകരിക്കുകയും പിന്തുടരുകയും ചെയ്യുന്നതിലൂടെ തന്നെയാണ് ക്ഷേമവും സമാധാനപൂർണമായ ഭൗതിക ജീവിതവും ലഭ്യമാവുക. അവിശ്വാസത്തിലും അധർമത്തിലും വിഹരിക്കുന്ന ജനതകളും ചിലപ്പോൾ സമ്പന്നരും ഭൗതികമായ ശക്തികളുമുള്ളവരാകാം. അവരുടെ വിഭവങ്ങൾ പക്ഷേ വിശിഷ്ട വിഭവങ്ങൾ –متاع حسن– ആയിരിക്കുകയില്ല. അക്രമത്തിലൂടെയും ചൂഷണത്തിലൂടെയും അധാർമികമായി നേടിയതായിരിക്കും. അത്തരം സമൂഹങ്ങൾ സദാ സംഘർഷ ഭരിതമായിരിക്കും. അവിഹിതമായ സമൃദ്ധിയിലും സുഖാഡംബരങ്ങളിലും വിഹരിക്കുന്ന സമൂഹങ്ങൾ ആ നേട്ടങ്ങൾ സൃഷ്ടിക്കുന്ന സംഘർഷത്താൽ നശിപ്പിക്കപ്പെടുകയാണ് പ്രകൃതി നിയമം:

وَكَمْ أَهْلَكْنَا مِن قَرْيَةٍ بَطِرَتْ مَعِيشَتَهَا (സുഖാഡംബരങ്ങളിൽ ഗർവിഷ്ഠരായി ജീവിച്ച എത്രയെത്ര നഗരങ്ങളെയാണ് നാം നശിപ്പിച്ചിട്ടുള്ളതെന്നോ!! –28:58).

وَيُؤْتِ كُلَّ ذِى فَضْلٍ فَضْلَهُۥ എന്ന വാക്കിന്റെ നേർ തർജമ 'ശ്രേഷ്ഠതയുള്ള ഓരോരുത്തന്നും അവന്റെ ശ്രേഷ്ഠത നൽകുന്നു' എന്നാണ്. ഇത് ഒരു പൊതുതത്ത്വം പ്രസ്താവിച്ചതാകാം. അതായത്, ഓരോ വ്യക്തിയുടെയും വിശ്വാസപരവും കർമപരവുമായ അവസ്ഥ എത്രത്തോളം ശ്രേഷ്ഠമാണോ അത്രത്തോളം ശ്രേഷ്ഠമായ ജീവിതം അവർക്കു ലഭിക്കും. പാപമോചനത്തിന്റെയും പശ്ചാത്താപത്തിന്റെയും –إستغفار ، توبة– ലക്ഷ്യം മനുഷ്യൻ മനസാവാചാകർമണാ വിശിഷ്ടനാവുകയാണ്. ഒരുവൻ ആർജിക്കുന്ന വിശിഷ്ട ഗുണങ്ങൾക്കൊത്ത മഹിത ജീവിതം അല്ലാഹു അവന്നരുളുന്നു.

ഈ ശ്രേഷ്ഠതാ വാഗ്ദാനം മരണാനന്തര ജീവിതത്തിലെ കാര്യവുമാകാം. അങ്ങനെയാകുമ്പോൾ ആശയം ഇപ്രകാരമാകുന്നു: ഈ ലോകത്തെ ഉത്തമവിഭവങ്ങൾ ലഭിക്കുക ഭൗതിക ജീവിതത്തിനു നിശ്ചയിക്കപ്പെട്ട കാലത്താണ്. മനുഷ്യ കർമങ്ങളിൽ പലതിന്റെയും ഫലം –നല്ലതാകട്ടെ, ചീത്തയാകട്ടെ– മരണാനന്തരവും നിലനിൽക്കും. ഒരായുഷ്കാലത്തിന്റെ കർമഫലം മുഴുവൻ ആ ആയുഷ്ക്കാലത്തുതന്നെ അനുഭവിച്ചു തീർക്കുക സാധ്യമല്ല. അനുഭവിച്ചു തീർക്കാവുന്ന കർമങ്ങളുടെ തന്നെ ഫലം ചിലപ്പോൾ തന്റേതല്ലാത്ത കാരണങ്ങളാൽ കർത്താവിനു വിലക്കപ്പെടും. ഉദാഹരണമായി, വിശ്വാസികളായ നീതിമാന്മാരും അക്രമികളായ അവിശ്വാസികളും ഇടകലർന്ന സമൂഹത്തിൽ വിശ്വാസികൾക്ക് അല്ലാഹു നൽകുന്ന വിശിഷ്ട വിഭവങ്ങൾ അനുഭവിക്കാൻ കഴിയാതെ ജീവിതം സംഘർഷ ഭരിതമായിത്തീരും. എങ്കിലും നീതിമാന്മാർ അതിൽ വ്യസനിക്കേണ്ടതില്ല. അല്ലാഹു ഓരോ മനുഷ്യന്റെയും നന്മയും വൈശിഷ്ട്യവും കൃത്യമായി രേഖപ്പെടുത്തിവെച്ചിട്ടുണ്ട്. ഉയിർത്തെഴുന്നേൽപുനാളിൽ ഓരോരുത്തരുടെയും പുണ്യകർമങ്ങൾക്കൊത്ത മഹത്വമുള്ള പ്രതിഫലം തന്നെ അവൻ നൽകുന്നതാണ്.

وَإِن تَوَلَّوْا... എന്നു തുടങ്ങുന്ന വാക്യം പ്രവാചക സന്ദേശം ഉൾക്കൊള്ളുന്ന താക്കീതാണ്. പ്രവാചകനെ വിശ്വസിക്കാനും അദ്ദേഹം നൽകുന്ന ധർമോപദേശങ്ങളനുസരിക്കാനും തയാറല്ലെങ്കിൽ ഭയാനകമായ ദൈവിക ശിക്ഷ ഏറ്റുവാങ്ങാൻ തയാറായിക്കൊള്ളുക. പ്രവാചകനെ തള്ളിക്കളഞ്ഞ് ധിക്കാരപൂർവം അധർമങ്ങളിൽ മുന്നേറുന്നവർ അനിവാര്യമായി നേരിടേണ്ടിവരുന്ന ഉന്മൂലനാശമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. സത്യനിഷേധത്തിന്റെയും ധർമധിക്കാരത്തിന്റെയും ശിക്ഷ ഈ ലോകത്തു നേരിടുന്ന നാശംകൊണ്ട് അവസാനിക്കുന്നില്ല; അനന്തരം എല്ലാവരും അല്ലാഹുവിങ്കൽ തിരിച്ചെത്തേണ്ടതുണ്ട്. പാപികൾ അവിടെ കണിശമായി വിചാരണ ചെയ്യപ്പെടുകയും കൂടുതൽ കൊടൂരവും ശാശ്വതവുമായ ശിക്ഷക്ക് വിധേയരാക്കപ്പെടുകയും ചെയ്യും എന്നാണ്

.......إِلَى ٱللَّهِ مَرْجِعُكُمْ എന്നു തുടങ്ങുന്ന വാക്യം താക്കീതു ചെയ്യുന്നത്.

**5:** അറിയുക, ശ്രദ്ധിക്കുക, നോക്കുക തുടങ്ങിയ അർഥങ്ങളിലുള്ള ശ്രദ്ധ ക്ഷണിക്കൽ ശബ്ദമാണ് أَلَا. വളക്കുക, ചുരുട്ടുക, തിരിക്കുക എന്നീ അർഥങ്ങളിലുള്ള ثنى ൽ നിന്നുള്ള വർത്തമാന ബഹുവചന ക്രിയാരൂപമാണ് يَثْنُونَ. ഒരു കാര്യത്തോടുള്ള അവജ്ഞയും, അതു കാണാനും കേൾക്കാനുമുള്ള വിസമ്മതവും പ്രകടിപ്പിച്ചുകൊണ്ട് മുഖം മാറിലേക്ക് താഴ്ത്തുന്നതിനും മുഖം പുറകോട്ട് തിരിക്കുന്നതിനും ثنى صدره എന്നു പറയും. കാണാനും കേൾക്കാനുമുള്ള വിസമ്മത പ്രകടനത്തിന്റെ മറ്റൊരു രൂപമാണ് വസ്ത്രംകൊണ്ട് സ്വയം മൂടുക. ഇതാണ് يَسْتَغْشُونَ ثِيَابَهُمْ എന്നതിന്റെ താൽപര്യം. മറ്റുള്ളവരുടെ ദൃഷ്ടിയിൽനിന്നു രക്ഷപ്പെടാൻ 'തലയിൽ മുണ്ടിട്ടു നടക്കുക' എന്ന് ഒരു പ്രയോഗം നമ്മുടെ ഭാഷയിലും ഉണ്ടല്ലോ. ഇഷ്ടമില്ലാത്തത് കാണുകയോ കേൾക്കുകയോ ചെയ്യാതിരിക്കാൻ വീടിനകത്തു കയറി വാതിൽ കർട്ടൻ താഴ്ത്തിയിടുന്നതിനും അറബിയിൽ استغشى ثوبه എന്നു പറയും. منه എന്നതിലെ ه എന്ന സർവനാമം സൂചിപ്പിക്കുന്നത് അല്ലാഹുവിനെയുമാകാം പ്രവാചകനെയുമാകാം. പ്രവാചകനിൽനിന്ന് ഒളിക്കാനുള്ള ശ്രമം യഥാർഥത്തിൽ അല്ലാഹുവിൽ നിന്ന് ഒളിക്കാനുള്ള ശ്രമമാണ്. സൂക്തത്തിന്റെ രണ്ടാം ഖണ്ഡത്തിൽവരുന്ന يَعْلَمُ (അവൻ അറിയുന്നു) എന്ന വാക്കും إنه عليم (അവൻ സൂക്ഷ്മമായി അറിയുന്നവനാകുന്നു) എന്ന വാക്കും, منهവിലെ ه അല്ലാഹുവിനെ കുറിക്കുന്നുവെന്നാണ് സൂചിപ്പിക്കുന്നത്.

പ്രവാചകന്റെ പ്രതിയോഗികളിൽ രണ്ടു തരക്കാരുണ്ടായിരുന്നു. ഒരുവിഭാഗം പ്രവാചക സന്ദേശം തള്ളിക്കളയുന്നതോടൊപ്പം അദ്ദേഹത്തെയും ശിഷ്യന്മാരെയും ക്രൂരമായി മർദിച്ചിരുന്നവർ. പ്രവാചകനെ നിഷേധിക്കുന്നുവെങ്കിലും അദ്ദേഹത്തെയും ശിഷ്യന്മാരെയും നേരിടാൻ ധൈര്യമില്ലാത്തവരായിരുന്നു മറ്റേ വിഭാഗം. രണ്ടു കൂട്ടരും പ്രവാചകന്റെ പ്രഭാഷണങ്ങളിൽനിന്നും ഖുർആൻ പാരായണത്തിൽനിന്നും പരമാവധി ഒഴിഞ്ഞുമാറാൻ ശ്രമിച്ചു. പ്രവാചകന്റെ സാന്നിധ്യത്തിൽനിന്ന് അവജ്ഞയോടെ തിരിഞ്ഞു പോവുക, അല്ലെങ്കിൽ അദ്ദേഹം കാണാതിരിക്കാൻ സ്വയം മുണ്ടിട്ടു മൂടുക, പ്രഭാഷണങ്ങളും മറ്റും കേട്ടാൽ ഉടനെ സ്ഥലംവിട്ട് വീട്ടിൽചെന്ന് അകത്തുകയറി വാതിൽ വിരി താഴ്ത്തുക ഇതൊക്കെയായിരുന്നു അവരുടെ രീതി. സത്യവിരോധത്തിലുള്ള അഹന്തയും ധാർഷ്ട്യവുമാണ് ഇതിലൂടെ പ്രകടമായിരുന്നത്. സൂറ *ഹജ്ജ്* 9–ാം സൂക്തത്തിൽ, ثَانِيَ عِطْفِهِ (തന്റെ ചുമൽ ചെരിക്കുന്നവൻ) എന്നും സൂറ *നൂഹ്* 7–ാം സൂക്തത്തിൽ,

جَعَلُوٓا۟ أَصَٰبِعَهُمْ فِىٓ ءَاذَانِهِمْ وَٱسْتَغْشَوْا۟ ثِيَابَهُمْ وَأَصَرُّوا۟ وَٱسْتَكْبَرُوا۟ ٱسْتِكْبَارًا

(അവർ വിരൽ ചെവിയിൽ തിരുകി മുഖത്ത് മുണ്ടിട്ട് വഴികേടിൽ ശഠിച്ചുനിൽക്കുകയും മഹാഗർവിഷ്ഠരാവുകയും ചെയ്തു) എന്നും ഇതിനെ വർണിച്ചിട്ടുണ്ട്. പ്രവാചക സന്ദേശത്തോടുള്ള വെറുപ്പും അദ്ദേഹത്തെ ശ്രവിച്ചാൽ ആളുകൾ ഇതിൽ ആകൃഷ്ടരായേക്കുമോ എന്ന ഭയവുമായിരുന്നു ആദ്യത്തെ വിഭാഗത്തെ അതിനു പ്രേരിപ്പിച്ചത്. പ്രവാചക സന്ദേശത്തെ ബുദ്ധിപരമായി നേരിടാനാവാത്തതിനാൽ അദ്ദേഹവുമായി അടുത്താൽ തങ്ങളും അതിൽ വീണുപോകുമെന്നു ഭയപ്പെടുന്നവരായിരുന്നു രണ്ടാമത്തെ വിഭാഗം. മദീനയിൽ കപടവിശ്വാസികളും ഇങ്ങനെ ചെയ്തിരുന്നതായി നിവേദനമുണ്ട്.

സൂക്തം മുഖ്യമായി വിവക്ഷിച്ചിട്ടുള്ളത് പ്രവാചകന്റെ ബദ്ധവിരോധികളായി വർത്തിച്ച ഖുറൈശികളെയാണ്. ഇസ്‌ലാമിനോടുള്ള അവരുടെ ശത്രുത ബുദ്ധിയെയോ

ജ്ഞാനത്തെയോ ആധാരമാക്കിയിട്ടുള്ളതല്ല. യാഥാർഥ്യത്തിൽനിന്ന് ഒളിക്കാനാണവർ ശ്രമിക്കുന്നത്. തങ്ങൾ കേൾക്കാതിരുന്നാൽ പ്രവാചകൻ പറയുന്ന സത്യങ്ങളെല്ലാം സത്യങ്ങളല്ലാതാകുമെന്നാണ് അവരുടെ ഭാവം. സൂറ *ഫുസ്സിലതിൽ*,

لَا تَسْمَعُوا۟ لِهَـٰذَا ٱلْقُرْءَانِ وَٱلْغَوْا۟ فِيهِ لَعَلَّكُمْ تَغْلِبُونَ (ഈ ഖുർആൻ കേൾക്കാതിരിക്കുവിൻ! എങ്കിൽ നിങ്ങൾക്കും വിജയിക്കാം) എന്ന് അവരെ ഉദ്ധരിക്കുന്നുണ്ട്. ഈ ഒട്ടകപ്പക്ഷി നിലപാടിനെയാണ് ഇവിടെ يَثْنُونَ صُدُورَهُمْ , يَسْتَغْشُونَ ثِيَابَهُمْ എന്നീ വാക്കുകളിലൂടെ വർണിക്കുന്നത്. താൻ അഭിമുഖീകരിക്കാനിഷ്ടപ്പെടാത്ത യാഥാർഥ്യത്തെ അത് യാഥാർഥ്യമല്ല എന്നു കരുതുക മനുഷ്യന്റെ മഹാമൗഢ്യങ്ങളിലൊന്നാണ്. ആരെങ്കിലും തള്ളുകയോ കൊള്ളുകയോ ചെയ്യുന്നുവെന്നത് യാഥാർഥ്യത്തെ അൽപവും സ്വാധീനിക്കുന്നില്ല. ഒട്ടകപ്പക്ഷി മണലിൽ തല പൂഴ്ത്തിയതുകൊണ്ട് കൊടുങ്കാറ്റ് ഇല്ലാതാകുമോ? അതുപോലെ അല്ലാഹുവിങ്കൽ നിന്നുള്ള മുന്നറിയിപ്പുകളെയും സുവിശേഷങ്ങളെയും വ്യാജമെന്ന് മുദ്രകുത്തിയതുകൊണ്ട് അതൊന്നും നിരർഥകമോ നിഷ്ഫലമോ ആകാൻ പോകുന്നില്ല. പ്രവാചകന്റെ മുന്നിൽനിന്ന് അവർക്ക് ഒളിക്കാൻ കഴിഞ്ഞേക്കാം. പക്ഷേ അല്ലാഹുവിന്റെ മുമ്പിൽനിന്ന് എവിടെയാണവർ ഒളിക്കുക? മനുഷ്യർ രഹസ്യമായി ചെയ്യുന്നതും പരസ്യമായി ചെയ്യുന്നതും മാത്രമല്ല, അവരുടെ മനസ്സിന്റെ അടിത്തട്ടിലുള്ള വിചാരങ്ങൾ പോലും അറിയുന്നവനാണവൻ.

**6:** സ്വയം ചലിക്കുന്ന സചേതന സൃഷ്ടികളാണ് دَآبَّةٍ. അത്തരം സൃഷ്ടികളുടെ നിലനിൽപ് ആഹാരത്തെ ആശ്രയിച്ചിരിക്കുന്നു. മണ്ണിൽ ആഹാരം കഴിച്ചു നിലനിൽക്കുന്ന ഓരോ ജീവിക്കും ആവശ്യമായ ആഹാരം നൽകുന്നത് അല്ലാഹുവാകുന്നു എന്നാണ്, وَمَا مِن دَآبَّةٍ فِى ٱلْأَرْضِ إِلَّا عَلَى ٱللَّهِ رِزْقُهَا യുടെ ആശയം. عَلَى ٱللَّهِ എന്ന വാക്കിന് അല്ലാഹുവിന്റെ ഉത്തരവാദിത്വമാകുന്നു എന്നും, അല്ലാഹുവിൽനിന്നാകുന്നു എന്നും അർഥമാകാം. ആദ്യത്തെ അർഥപ്രകാരം ഭൂമിയിൽ ജനിക്കുന്ന ഓരോ ജീവിക്കും ആവശ്യമായ ആഹാരം നൽകാനുള്ള ഉത്തരവാദിത്വം അല്ലാഹു ഏറ്റെടുത്തിരിക്കുന്നു. എല്ലാ ജീവികൾക്കും വേണ്ടതെല്ലാം അവൻ ഈ ഭൂമിയിൽ സജ്ജീകരിച്ചു വെച്ചിട്ടുണ്ട്. പക്ഷേ അത് കണ്ടെടുക്കേണ്ടത് മനുഷ്യന്റെ ചുമതലയാണ്.

وَجَعَلَ فِيهَا رَوَٰسِىَ مِن فَوْقِهَا وَبَـٰرَكَ فِيهَا وَقَدَّرَ فِيهَآ أَقْوَٰتَهَا فِىٓ أَرْبَعَةِ

أَيَّامٍ سَوَآءً لِّلسَّآئِلِينَ

(ഭൂമിയുടെ ഉപരിതലത്തിൽ അവൻ പർവതങ്ങളുറപ്പിച്ചു; അതിൽ അനുഗ്രഹം ചൊരിഞ്ഞു. നാലു നാളിലായി അതിൽ ആവശ്യമുള്ളവർക്കൊക്കെയും അവരവരുടെ ആവശ്യാനുസാരമുള്ള ആഹാര വിഭവങ്ങൾ ഒരുക്കിവെക്കുകയും ചെയ്തിരിക്കുന്നു – 41:10). فَإِذَا قُضِيَتِ ٱلصَّلَوٰةُ فَٱنتَشِرُوا۟ فِى ٱلْأَرْضِ وَٱبْتَغُوا۟ مِن فَضْلِ ٱللَّهِ (അതിനാൽ നമസ്കാരം കഴിഞ്ഞാൽ ഭൂമിയിൽ വ്യാപരിച്ച് അല്ലാഹുവിന്റെ അനുഗ്രഹം തേടിക്കൊള്ളുവിൻ – 62:10). വ്യക്തിയോ സമൂഹമോ ഈ ചുമതലയിൽ വീഴ്ചവരുത്തുമ്പോഴാണ് ക്ഷാമവും പട്ടിണിമരണവുമെല്ലാം ഉണ്ടാകുന്നത്. രണ്ടാമത്തെ അർഥപ്രകാരം ആശയം ഇതാകുന്നു: ഈ ലോകത്ത് ഏതു ജീവിക്കു ലഭിക്കുന്ന എന്ത് ആഹാരവും അല്ലാഹു നൽകുന്നതാണ്. അവൻ ആഹാരം നൽകിയില്ലെങ്കിൽ ഏതു ജീവിയും വിശന്നു ചത്തുപോകും. കൂടുതൽ പ്രബലവും സാധുവുമായ വ്യാഖ്യാനം ആദ്യം പറഞ്ഞതാണ്.

മൂലത്തിലെ مستقر ന്റെയും مستودع ന്റെയും അർഥവും ആശയവും *ഖുർആൻബോധനം* സൂറ *അൽ അൻആം* 98–ാം സൂക്തത്തിനു താഴെ വിശദീകരിച്ചിട്ടുണ്ട്. ഓരോ ജീവിയും ആരുടെ നട്ടെല്ലിൽ, ആരുടെ ഗർഭാശയത്തിൽ ഏതു ദേശത്ത് ജന്മം കൊള്ളു

ന്നുവെന്നും, എവിടെ സ്ഥിരവാസമുറപ്പിക്കുന്നുവെന്നും, ഏതു ദേശത്ത് മരിച്ചുമറമാടപ്പെടുന്നുവെന്നും അല്ലാഹുവിന്നറിയാം എന്നാണ് ഇവിടെ വിവക്ഷിക്കുന്നത്.

മുൻ സൂക്തത്തിലെ إِنَّهُۥ عَلِيمُۢ بِذَاتِ ٱلصُّدُورِ എന്നു പ്രസ്താവിച്ചതിന്റെ തുടർച്ചയായി, നിങ്ങളുടെ കർമത്തിലോ വിചാരത്തിലോ ഇല്ലാത്ത കാര്യങ്ങളും അവൻ നന്നായി അറിയുന്നു എന്ന് വ്യക്തമാക്കുകയാണ് ഈ സൂക്തം. മനുഷ്യർക്കും മറ്റു കോടാനുകോടി ജന്തുജാലങ്ങൾക്കും ആഹാരം നൽകുന്നത് അവനാണ്. ഓരോ ജീവിക്കും ആവശ്യമായ ആഹാരമെന്ത് എന്നറിഞ്ഞ് അത് സജ്ജീകരിച്ചിരിക്കുന്നു. ഓരോ ജീവിയും എവിടെ ജീവിക്കുന്നുവെന്നും എവിടെ മരിക്കുന്നുവെന്നും, അല്ലെങ്കിൽ എവിടെ സ്ഥിരവാസം ചെയ്യുന്നുവെന്നും എപ്പോൾ എവിടെയൊക്കെ താൽക്കാലികമായി താവളമടിക്കുന്നു എന്നെല്ലാമറിഞ്ഞ് അവർക്കാവശ്യമായ വിഭവങ്ങൾ അവൻ അവിടെ എത്തിച്ചു കൊടുക്കുന്നു. ഇങ്ങനെയുള്ള സർവജ്ഞന്റെയും സൂക്ഷ്മജ്ഞന്റെയും മുന്നിലാണ് നിങ്ങൾ മുഖം തിരിച്ചും മുണ്ടിട്ടു മൂടിയും ഒളിക്കാൻ ശ്രമിക്കുന്നത്!

മരണ സ്ഥാനത്തെ مستودع (നിക്ഷേപസ്ഥാനം) എന്നു പറഞ്ഞതിൽ മരണത്തോടെ മനുഷ്യൻ ശൂന്യതയിൽ വിലയം പ്രാപിക്കും എന്ന സങ്കൽപത്തിന്റെ ഖണ്ഡനമുണ്ട്. തിരിച്ചെടുക്കുന്നതിനുവേണ്ടി സൂക്ഷിക്കുന്ന വസ്തുവും സ്ഥലവുമാണ് مستودع. മനുഷ്യൻ മരിച്ചു മറമാടപ്പെടുന്ന സ്ഥലം അവൻ സൂക്ഷിക്കപ്പെടുന്ന സ്ഥലമാണ്; ഇല്ലാതാക്കപ്പെടുന്ന സ്ഥലമല്ല. ഭൂമിയിൽ സൂക്ഷിക്കപ്പെട്ട മനുഷ്യരെയെല്ലാം അന്ത്യനാളിൽ ഭൂമി അല്ലാഹുവിന് തിരിച്ചേൽപിക്കുന്നതാണ്. ■